LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. ബേബി : ഇക്കാര്യം സമയബന്ധിതമായിത്തന്നെ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. അടൂർ പ്രകാശ് : കേരളത്തിൽ ഇപ്പോൾ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന നിലയിൽ പോളിടെക്നിക്കുകളിൽ പതിനായിരത്തിൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് മാത്രമാണ് പ്രവേശനം ലഭ്യമാകുന്നത്. അതുകൊണ്ട് ഒരു അദ്ധ്യയന വർഷത്തിൽ പോളിടെക്നിക്കിൽ പഠിക്കണം എന്ന് ആഗ്രഹമുള്ള വിദ്യാർത്ഥികൾ പലരും കേരള സംസ്ഥാനത്തിനു പുറത്ത് തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിലെ പോളിടെക്നിക്കിൽ പോയി പഠിക്കേണ്ട അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. ഇതിന് ഒരു മാറ്റം വരുത്തുന്നതിനുവേണ്ടി ഈ മേഖലയിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. എ. ബേബി : ഈ മേഖലയിൽ കൂടുതൽ പഠന സൗകര്യം കേരളത്തിൽ ആരംഭിക്കാനുള്ള സാധ്യതകൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. ജോർജ് മേഴ്സിയർ : സർ, കേന്ദ്ര സർക്കാരിന്റെ വളരെ കാലോചിതമായ ഒരു നോവൽ കൺസെപ്റ്റാണ് അത്. മനോഹരമായ ഒരു പദ്ധതിയാണ്. പക്ഷെ ഇത് നടപ്പിലാക്കാൻ വേണ്ടിയുള്ള ഊർജ്ജിതമായ ശ്രമങ്ങളൊന്നും കാണുന്നില്ല. കാർഷിക കോളേജ് അടക്കമുള്ളതാണ് എന്റെ നിയോജകമണ്ഡലം. ഇതിനോടനുബന്ധിച്ച് ആ സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാമോ ?

ശ്രീ. എം. എ. ബേബി : സർ, കാർഷിക സർവ്വകലാശാല കൃഷി വകുപ്പിന്റെ കീഴിലാണ്. ഞങ്ങൾ പരസ്പരം ചർച്ച ചെയ്ത് അതിനുള്ള ശ്രമം നടത്തുന്നതാണ്. പക്ഷെ ഊർജ്ജിതമായി നടപ്പിലാക്കാനുള്ള ശ്രമം കാണുന്നില്ലെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ വിമർശനം ശരിയല്ല. പോളിടെക്നിക്കുകളെ ഉപയോഗിച്ച് മാത്രമല്ല ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., വൊക്കേഷണൽ ഹയർ സെക്കന്ററി സ്ഥാപനങ്ങൾ എന്നിവയെ എല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ലക്ഷത്തോളം പേർക്ക് നൈപുണ്യ വികസനം നൽകാനുള്ള ഒരു ബൃഹത്ത് പദ്ധതിയാണ് ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്നത്.

ബസ്സുകളുടെ ബോഡി നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാര പരിശോധന

4 (*394) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ശശികുമാർ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ്സുകളുടെ ബോഡി നിർമ്മാണം ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ മാനദണ്ഡവും രൂപരേഖയും പ്രകാരം നടത്തണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ഡി) ബോഡി നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

(ഇ) ബസ്സുകളുടെ ഫിറ്റ്നസ് പരിശോധന കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ,

(എ-ഡി) കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽ നിന്നും സംസ്ഥാന സർക്കാരിന് നിർദ്ദേശം ലഭിച്ചിട്ടില്ല. അസോസിയേഷൻ ഓഫ് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗിൽ നിന്നും ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ മാനദണ്ഡവും രൂപരേഖയും പ്രകാരം ബോഡി ബിൽഡിംഗ് നടത്തണമെന്ന നിർദ്ദേശം കെ.എസ്.ആർ.ടി.സി. ക്ക് ലഭിക്കുകയും കെ.എസ്.ആർ.ടി.സി. അതുപ്രകാരം തന്നെ ബോഡി നിർമ്മാണം നടത്തിവരികയും ചെയ്തുവരികയാണ്. എ.ആർ.എ.ഐ. യിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. യുടെ പാപ്പനംകോട്ടുള്ള സെൻട്രൽ വർക്ക്ഷോപ്പിന് ബി-ക്ലാസ്സ് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. ഇപ്രകാരം കേരളത്തിൽ ബസ് ബോഡി നിർമ്മാണത്തിന് അക്രഡിറ്റേഷൻ ലഭിച്ച ഏക സ്ഥാപനം കെ.എസ്.ആർ.ടി.സി. യാണ്.

(ഇ) ആർ.റ്റി.ഒ. മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ആർ സെൽവരാജ് : സർ, കേരളത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മാണത്തിന് അക്രഡിറ്റേഷൻ ലഭിച്ചത് കെ.എസ്.ആർ.ടി.സി. ക്ക് മാത്രമാണ്. പാപ്പനംകോട് ഡിപ്പോയിൽ മാത്രമാണ് ബോഡി ബിൽഡിംഗ് നടത്തുന്നത് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അവിടെ കണ്ടംചെയ്ത ബസ്സുകൾ പാർക്ക് ചെയ്യുന്നതിനും ബോഡി ബിൽഡിംഗ് നടത്തുന്നതിനും ആവശ്യമായ സ്ഥലസൗകര്യം ഇല്ല എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. ഇത്തരം ഒരു സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ക്ക് സ്വന്തമായി സ്ഥലമുള്ള പാറശ്ശാല ഡിപ്പോയോട് ചേർന്നുള്ള സ്ഥലത്തേക്ക് ഈ ബോഡി ബിൽഡിംഗ് യൂണിറ്റ് മാറ്റാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ജോസ് തെറ്റയിൽ : ബോഡി ബിൽഡിംഗ് യൂണിറ്റ് മാറ്റുന്നില്ല. ഡമ്പിംഗ് സെന്റർ മാറ്റുന്നതാണ്.

ശ്രീ. വി. ശശികുമാർ : സർ, കെ.എസ്.ആർ.ടി.സി.യുടെ ബോഡി ബിൽഡിംഗിന്റെ നിലവാരം പറഞ്ഞു. മറ്റ് ബസ്സുകളുടെയുമൊക്കെ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്താൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസ് തെറ്റയിൽ : ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സർട്ടിഫിക്കറ്റ് കൊടുക്കുകയുള്ളു.

ശ്രീ. വി. ശിവൻകുട്ടി : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ബസ്സുകൾ പുതുതായി നിരത്തിലിറക്കി ; അതിൽ എത്ര ബസ്സുകൾ നമ്മുടെ ബോഡി ബിൽഡിംഗ് സെന്ററിൽ നിർമ്മാണ പ്രവർത്തനം നടത്തി ?

ശ്രീ. ജോസ് തെറ്റയിൽ : നാളിതുവരെ 2196 ബസ്സുകൾ കോർപ്പറേഷന്റെ വിവിധ വർക്ക്ഷോപ്പുകളിലായി നിരത്തിലിറക്കിയിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(ii) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റോഡപകടങ്ങൾ സംബന്ധിച്ചുള്ള റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കാൻ നടപടി

5 (*395) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾക്ക് വളരെയേറെ സാധ്യതയുള്ള മേഖലകളെ സംബന്ധിക്കുന്ന ഒരു പഠന റിപ്പോർട്ട് സർക്കാരിന്റെ പക്കലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപകട മേഖലയിൽ എന്തെല്ലാം മുൻകരുതൽ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) അപകട സാധ്യതയുണ്ടെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള എല്ലാ സ്ഥലങ്ങളിലും മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തിയോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ കർശനമായി നടപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ-ഡി) അത്തരത്തിൽ ഒരു പഠനറിപ്പോർട്ട് ഇല്ല. എന്നാൽ പോലീസ്, മോട്ടോർ വാഹന വകുപ്പുകളുടെ അന്വേഷണത്തിൽ സംസ്ഥാനത്തെ 896 അപകട സാധ്യതാ മേഖലകളും (ആക്സിഡന്റ് പ്രോൺ ഏരിയ) 217-അതീവ അപകട സാധ്യതാ മേഖലകളും (black spots) കണ്ടെത്തിയിട്ടുണ്ട്. അതീവ അപകട സാധ്യതാ മേഖലകളിൽ 149 മേഖലകളിൽ ഹോംഗാർഡിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഓരോ മേഖലയിലും അപകട കാരണങ്ങൾ കണ്ടെത്തി അവ

LIBRARY ARCHIVES Kerala Legislative Assembly